# ബൈബിൾ ട്രൂത്ത്

**OCTOBER** **YEAR: 2023**



# THE BIBLE TRUTH

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 40 | October 2023 | No.10

## എഡിറ്റോറിയൽ

പ്രതിസന്ധികൾ ലോകത്തിൽ എക്കാലവും ഉണ്ടാകുന്ന ഒരു പ്രതിഭാസമാണ്. അതു എങ്ങനെ ഒക്കെ ഓരോരുത്തരിൽ വരുന്നു എന്നതു ആർക്കും മുൻകൂട്ടി അറിയാൻ സാധ്യമല്ല. ഓരോരുത്തൻ തിരഞ്ഞെടുക്കുന്നതനുസരിച്ചാണ് ഇതുണ്ടാകുന്നത്. തീരുമാനങ്ങൾ എടുക്കാതെ നമുക്ക് അതിജീവിക്കാൻ സാധ്യമല്ല. ഓരോരുത്തരുടെ അറിവ് അനുസരിച്ചാണ് തീരുമാനം എടുക്കുന്നത്. ചിലർ മറ്റുള്ളവരുടെ സമ്മർദ്ദത്തിനു വഴങ്ങി തീരുമാനം എടുക്കും. അവർ സ്വന്തം തീരുമാനത്തിൽ ആത്മവിശ്വാസമില്ലാത്തവരാണ്. ചിലർ അങ്ങനെയല്ല, തെറ്റായാലും ശരിയായാലും തന്റെ തീരുമാനത്തിൽ ഉറച്ചുനിൽക്കും. എങ്ങനെയായാലും നാം അനുഭവിക്കുന്നതു നമ്മുടെ തിരഞ്ഞെടുപ്പിന്റെ ഫലമാണ്. മനുഷ്യരെ ദൈവം ഈ പ്രപഞ്ചത്തിലാക്കിയതു മുതൽ ഈ പ്രപഞ്ചത്തിന്റെ അന്ത്യം വരെ ദൈവം മനുഷ്യരെ ഇവിടെ പാർപ്പിക്കും. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ നാം ഇവിടെ ആയിരിക്കുന്നതു ദൈവികമായ ഉദ്ദേശം നിറവേറ്റുവാനാണ്. അതിൽ വീഴ്ച വരുത്തുന്നവർ വഴിമാറി സഞ്ചരിക്കുന്നവരാണ്. സത്യവഴി ദൈവത്തിന്റേതാണ്. നാം ആ വഴി തിരിച്ചറിയണം. പ്രതിസന്ധികൾ ഓരോന്നോരോന്നായി നമ്മെ പിന്തുടരുവാൻ കാരണം മുഖ്യമായി നാം നടക്കുവാൻ തിരഞ്ഞെടുത്ത പാതയാണ്. നാം അതിൽ കൂടെ നടക്കാൻ കാരണം ഒന്നുകിൽ നമ്മെ തെറ്റിദ്ധരിപ്പിച്ചി

രിക്കുന്നു അല്ലെങ്കിൽ നാം തെറ്റായി തിരഞ്ഞെടുത്ത പാതയാണ്. പരാജിതനാകുന്ന മനുഷ്യൻ പരാജയത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്തണം. പല കാരണങ്ങൾ കണ്ടേക്കാം. അവയിൽ മുഖ്യമായതു തിരിച്ചറിയണം.

മാതാപിതാക്കൾക്കും കുട്ടികൾക്കും ഇന്നു പിരിമുറുക്കം കൂടി വരികയാണ്. പണ്ട് ഇത്രയധികം പിരിമുറുക്കം ഇങ്ങനെയുള്ള കാര്യങ്ങളിൽ ഉണ്ടായിരുന്നില്ല എന്നു ചരിത്രം വ്യക്തമാക്കുന്നു. ഇന്നു മനുഷ്യർ സാമൂഹികമായ അംഗീകാരത്തിനായി മത്സരിച്ചുകൊണ്ടാണ് നീങ്ങുന്നത്. ഇതു മാനസികമായി കുട്ടികളെ കൂടുതൽ സമ്മർദ്ദത്തിനിരയാക്കുന്നു. ഏറ്റവും കൂടുതൽ മാർക്ക് തന്റെ കുട്ടിക്കു കിട്ടണം എന്ന ലക്ഷ്യം വെച്ചു അതിനു വേണ്ടി എന്തെല്ലാം ചെയ്യാമോ അതെല്ലാം മാതാപിതാക്കൾ ചെയ്യും. കുട്ടികളുടെ ഭാവിയെ സംബന്ധിച്ച ആകുലതയാണ് ഇതിന്റെ പിന്നിലുള്ളത്. ഇതു കലാസാംസ്കാരിക രംഗത്തും ഉണ്ട്. ഈ കിടമത്സരത്തിൽ കുട്ടികളുടെ മനസ്സിനു ഏൽക്കുന്ന സമ്മർദ്ദം അവരുടെ സ്വന്ത കഴിവിനെ അതു സാരമായി ബാധിക്കും. സ്വതന്ത്രമായി ചിന്തിക്കുവാനും സ്വയമായി കാര്യങ്ങളെ വിവേചിക്കുവാനും അവർക്കു കഴിയാതെ അവർ മാതാപിതാക്കളെയോ അദ്ധ്യാപകരെയോ പൂർണ്ണമായി ആശ്രയിക്കും. കുട്ടികളിൽ സ്ഥിരോത്സാഹവും അഭിരുചിയും വളർത്തരുത് എന്നല്ല ഞാൻ പറഞ്ഞതിന്റെ സാരം. അവരിൽ ഉള്ള കഴിവുകൾ സ്വതന്ത്രമായി ഉപയോഗിച്ചു വളർത്തിയെടുക്കാൻ അവരെ ശീലിപ്പിക്കണം. സാമൂഹ്യകാഴ്ചപ്പാടിനേക്കാൾ അവർക്ക് തിരഞ്ഞെടുക്കേണ്ടതായ മാർഗ്ഗമുണ്ട്. ആ മാർഗ്ഗം അവർ കണ്ടെത്തിയാൽ അവർ മസുഹത്തിൽ ഉയർന്ന നിലവാരത്തിലെത്തും. അവരുടെ മനസ്സും ചിന്തയും വികസിക്കും. പ്രായോഗികതലത്തിൽ നമ്മുടെ കുട്ടികൾ സ്വയം പര്യാപ്തതയിലെത്തണം. അതിനു അവരുടെ ബുദ്ധിയെ ഒരിക്കലും ബന്ധിക്കരുത് എന്നാണ് എനിക്കു പറയുവാനുള്ളത്.

അനാവശ്യമായ പിരിമുറുക്കം മനസ്സിൽ സൂക്ഷിക്കുന്ന മാതാപിതാക്കൾ രോഗബാധിതരായിത്തീരുന്നു. ഇതൊഴിവാക്കുന്നതാണ് ഉചിതം. ഭൗതികവും അടിസ്ഥാനവുമായ ആവശ്യങ്ങളായിരുന്നു പണ്ടൊക്കെ ആളുകളെ മഥിച്ചിരുന്നത്. എന്നാൽ ഇന്നോ അതല്ല

സ്ഥിതി. ഇന്ന് അഭ്യുന്നതിക്കായുള്ള ഓട്ടവും മത്സരവുമാണ്. അത്തരം മത്സരം സമുഹത്തിൽ ഭിന്നതയുണ്ടാക്കും, വിദ്വേഷമുണ്ടാക്കും. അപ്പോൾ അത്തരം വാശിയും വൈരാഗ്യവും ഒഴിവാക്കി എടുക്കണം. മനുഷ്യർക്കു കുടുംബത്തിൽ ആയാലും സമുഹത്തിൽ ആയാലും കഴിവുകൾ എല്ലാവർക്കും ഉണ്ട്. അതു വ്യത്യസ്തമാണ്. അതിന്റെ കാരണം മനസിലാക്കണം. ഞാൻ മുൻപു പറഞ്ഞതു പോലെ ദൈവികമായ ഉദ്ദേശം തിരിച്ചറിയണം. നമ്മുടെ ശരീരത്തിലെ അവയവങ്ങൾ പലതാണ്. അവയുടെ ഉപയോഗവും വ്യത്യസ്തമാണ്. എങ്കിലും ഏകശരീരത്തിന്റെ പൊതുവായ ആവശ്യങ്ങൾ അവ നിറവേറ്റുന്നു. അതുപോലെയാണ് ഒരു സമുഹത്തിനു വിവിധ കഴിവുകൾ ഉള്ള വ്യക്തികൾ ആവശ്യമാണ്. എല്ലവരും ഡോക്ടർമാരായാൽ കൽപ്പണിക്കും ആശാരിപ്പണിക്കും മറ്റും ആരുണ്ടാകും? ഇതിൽ നിന്നെല്ലാം നാം ദൈവത്തെയും ദൈവത്തിന്റെ ഉദ്ദേശത്തെയും തിരിച്ചറിഞ്ഞാൽ എല്ലാം വളരെ സാധാരണപോലെ നമുക്കു ചിന്തിക്കാനാകും. അപ്പോൾ നാം കിടന്നു വെപ്രാളപ്പെടേണ്ട കാര്യമില്ല എന്നു ബോധ്യമാകും.

എന്താണ് ഈ പ്രതിസന്ധികൾ തരണം ചെയ്യാൻ ആവശ്യമായിട്ടുള്ളത്. സത്യവേദപുസ്തകം നമ്മുടെ ബുദ്ധിക്കു തെളിവായി പറയുന്നു, “മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക, അതോടുകുടെ എല്ലാം ലഭിക്കും” ഇതിനർത്ഥം നമുക്ക് ആവശ്യമുള്ളതു ദൈവം തരുമെന്നാണ്. നമുക്ക് ആവശ്യമില്ലാത്തതു ദൈവം തരികയില്ല. നാം യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചു ജീവിക്കണം. അതായതു ക്രിസ്തുവിന്റെ കല്പനകൾ വിശ്വസിച്ചു തെറ്റായ തീരുമാനങ്ങൾ എല്ലാം ഉപേക്ഷിക്കണം. ദൈവത്തിന്റെ ആലോചന പ്രകാരം ജീവിക്കാൻ തീരുമാനിക്കുക. ദൈവപുത്രനായ ക്രിസ്തുവിനെ ഏറ്റുപറഞ്ഞു പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽക്കുക. വിദ്യാർത്ഥികളെ കർത്താവിന്റെ വഴി പഠിപ്പിക്കുക. അവർ നടക്കേണ്ടുന്ന പാത കാണിച്ചു കൊടുക്കുക. മത്സരമല്ല അവരെ പഠിപ്പിക്കേണ്ടത്. സ്നേഹവും സാഹോദര്യവുമാണ്. അന്യോന്യം ദൈവികസ്വഭാവം വളർത്തിയെടുത്ത് ദൈവമക്കളായി ജീവിക്കാനും അവരുടെ സന്മാർഗ്ഗ വാസനകൾ സ്വയം

വളർത്തി എടുക്കാൻ അവരെ അനുവദിക്കുക. അങ്ങനെ ചെയ്യുമ്പോൾ കുട്ടികളുടെ വ്യക്തിത്വം വളർത്തുന്നതോടൊപ്പം മാതാപിതാക്കളുടെ ആരോഗ്യവും നിലനിർത്തും. ക്രിയാത്മക സമൂഹമാണ് നാം കെട്ടിപ്പെടുക്കേണ്ടത്.

✶

# ബൈബിൾ ഉത്തരം നല്കട്ടെ

## റോബെർട്ട് എം.

എഫെസ്യർ 4:4-ൽ പലതും ഒന്ന് എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം എന്ത്? “നിങ്ങളെ വിളിച്ചപ്പോൾ ഏകപ്രത്യാശക്കായി നിങ്ങളെ വിളിച്ചപ്പോൾ ഏകപ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെ ഉള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവും ആയവൻ ഒരുവൻ” (എഫെസ്യർ 4:4,6). ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്‌വിൻ എന്നു പറഞ്ഞശേഷമാണ് ഇവയെല്ലാം ഒന്ന് എന്നു പറയുന്നത്. ദൈവത്തോട് അടുക്കുന്ന ഏതൊരു വ്യക്തിയും ഈ ഏഴു കാര്യങ്ങൾ നന്നായി മനസ്സിലാക്കണം. തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന ഓരോ കാര്യവും നാം അറിഞ്ഞിരിക്കണം. പ്രത്യേകിച്ചു മുൻപറഞ്ഞവ പ്രാധാന്യമർഹിക്കുന്നതാണ്.

ആദ്യമായി പറഞ്ഞിരിക്കുന്നതു പ്രത്യാശയാണ്. ദൈവം സുവിശേഷത്താൽ മനുഷ്യരെ രക്ഷയ്ക്കായി വിളിക്കുന്നു. അങ്ങനെ വിളിക്കുന്നതു ഏക പ്രത്യാശയ്ക്കായിട്ടാണ്. മനുഷ്യർ വിചാരിക്കുന്ന പ്രത്യാശയല്ല ദൈവത്തിന്റേത്. ദൈവം വാഗ്ദാനം ചെയ്ത പ്രത്യാശ ശ്രേഷ്ഠമാണ്. കാണാത്ത കാര്യങ്ങളിലാണ് നമുക്ക് പ്രത്യാശയുള്ളത്. ദൈവം വാഗ്ദാനം ചെയ്ത സ്വർഗ്ഗം നാം കണ്ടിട്ടില്ല. എങ്കിലും അവന്റെ നിബന്ധനകൾക്കനുസരിച്ചു ജീവിച്ചാൽ നമുക്ക് അതു കിട്ടും എന്നതു ഉറപ്പാണ്. നാം എന്തു

കൊണ്ട് ക്രിസ്ത്യാനിയായിത്തീർന്നു എന്ന് ആരെങ്കിലും ചോദിച്ചാൽ അതു നമ്മുടെ പ്രത്യാശയെ ചോദ്യംചെയ്യുകയാണ്. ആത്മാവിന്റെ രക്ഷ പ്രത്യാശയുടെ ഭാഗമാണ്. നിത്യജീവൻ വിശ്വസിച്ച് അനുസരിക്കുന്നവർക്കു വാഗ്ദാനം ചെയ്തിരിക്കുന്നു. നാം ആരും നിത്യജീവൻ കണ്ടിട്ടില്ല, ദൈവത്തെയും നാം കണ്ടിട്ടില്ല. കാണാതെ നാം വിശ്വസിക്കുകയാണ്. അതാണ് നമ്മുടെ ഏക പ്രത്യാശ. യേശു മരിക്കുവാൻ പോകുന്നു എന്നു അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞപ്പോൾ അവരുടെ ഹൃദയം കലങ്ങി. അപ്പോൾ അവൻ അവരോട് പറഞ്ഞതു ഞാൻ നിങ്ങൾക്കു വേണ്ടി സ്ഥലം ഒരുക്കുവാൻ പോകുന്നു എന്നാണ്. ആ വാസസ്ഥലങ്ങൾ അവർ കണ്ടിട്ടില്ലെങ്കിലും അവർ വിശ്വസിച്ചു, അതാണ് പ്രത്യാശ. പ്രത്യാശക്കു ഭംഗം വരാതിരിക്കേണ്ടതിനു നാം വിശ്വാസത്തിൽ ഉറപ്പുള്ളവരായിരിക്കണം.

അടുത്തതു ശരീരം ഒന്ന് എന്നു പറഞ്ഞിരിക്കുന്നു. ഒരാൾക്കു ഒരു ശരീരമേയുള്ളു. കർത്താവിനു ഒരു ശരീരമേ ഉണ്ടായിരുന്നുള്ളു. ആത്മീയമായും അവനു ഒരു ശരീരമേയുള്ളു. ആ ശരീരം സഭയാണ്. അപ്പോൾ കർത്താവിന്ന് ഒരു സഭയേ ഉള്ളു. സഭ കർത്താവിന്റെ മണവാട്ടിയായി വിശേഷിപ്പിച്ചിട്ടുണ്ട്. ഒന്നിലധികം ഭാര്യമാർ ഒരു പുരുഷന് ഉണ്ടാകുന്നതു നിയമവിരുദ്ധമാണ്. ക്രിസ്തുവിന്റെ സഭ അല്ലെങ്കിൽ ദൈവത്തിന്റെ സഭ എന്നതാണ് കർത്താവിന്റെ രാജ്യം അല്ലെങ്കിൽ ദൈവരാജ്യം (പ്രവൃത്തികൾ 20:28; വെളിപ്പാട് 1:5,6). മനുഷ്യർ പല പേരുകളിൽ ഉണ്ടാക്കിയ സഭകൾ വിഭാഗങ്ങളാണ്. അതൊന്നും ദൈവത്തിന്റേതോ ക്രിസ്തുവിന്റേതോ അല്ല. അതുകൊണ്ട് നാമധേയ വിഭാഗങ്ങളിൽ ഉള്ളവർ കർത്താവിന്റെ സഭയിലല്ല. കർത്താവിന്റെ സഭയിലുള്ളവർ വിഭാഗങ്ങളുമല്ല. പരിശുദ്ധാത്മനിയോഗത്താൽ എഴുതപ്പെട്ട വചനത്തിൽ പറയുന്നതു മാത്രമേ നാം ദൈവികമായി വിശ്വസിക്കാവു. ആ ഏക സഭയെയാണ് കർത്താവ് രക്ഷിക്കുന്നത് (എഫെസ്യർ 5:23). അവൻ മരിച്ചതു ആ സഭയ്ക്കു വേണ്ടി (പ്രവൃത്തികൾ 20:28). അവൻ വീണ്ടും വരുമ്പോൾ തന്റെ സഭയെ പിതാവിനു ഏൽപ്പിച്ചുകൊടുക്കും (1 കൊരിന്ത്യർ 15:24).

പിന്നെ പറഞ്ഞിരിക്കുന്നത് ആത്മാവു ഒന്ന് എന്നത്രെ. ഒരാത്മാവു എന്നു അപ്പൊസ്തലൻ പറയുമ്പോൾ ഐക്യതയാണ് സൂചിപ്പിക്കുന്നത്. ആത്മാവാണ് വചനം വെളിപ്പെടുത്തിയിരിക്കുന്നത്. പിതാവും യേശുക്രിസ്തുവും ദൈവം ആയിരിക്കുന്നതു പോലെ പരിശുദ്ധാത്മാവും ദൈവം ആണ്. പ്രവാചകന്മാർക്കും ദൈവവിശ്വാസിയായ പുരുഷന്മാർക്കും ദൈവഹിതം ആത്മാവ് ആണ് വെളിപ്പെടുത്തിക്കൊടുത്തത്. അതുകൊണ്ട് വെളിപ്പെടുത്തിയ അരുളപ്പാടുകളിൽ അപാകതയോ വൈപരീത്യമോ ഇല്ല. 2 പത്രൊസ് 1:21-ൽ നാം വായിക്കുന്നത് “പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകൽപ്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ” എന്നാണ് (2 പത്രൊസ് 1:2). പഴയ നിയമവും പരിശുദ്ധാത്മാവിനാൽ നല്കപ്പെട്ടു. പുതിയ നിയമവും പരിശുദ്ധാത്മ സഹായത്താൽ തെറ്റു കൂടാതെ നമുക്കു കിട്ടി. അപ്പൊസ്തലന്മാരെ പരിശുദ്ധാത്മാവ് സകല സത്യത്തിലും വഴി നടത്തി (മത്തായി 10:19,20). ദൈവത്തിന്റെ മനസ്സ് പൗലൊസിനും മറ്റു ദൈവശ്വാസിയ പുരുഷന്മാർക്കും വെളിപ്പെടുത്തിക്കൊടുത്തതു പരിശുദ്ധാത്മാവായിരുന്നു (1 കൊരിന്ത്യർ 2:10-13). ദൈവഹിതം മനുഷ്യർക്കു വെളിപ്പെടുത്തിക്കൊടുക്കുന്നതിൽ പരിശുദ്ധാത്മാവിനു മുഖ്യ പങ്കുണ്ടായിരുന്നു.

ദൈവവിശ്വാസികളുടെ ഏക ഉറവിടം പരിശുദ്ധാത്മാവായിരുന്നു. പരിശുദ്ധാത്മാവു ദൈവമാകയാൽ നമ്മോട് ഭോഷ്ക്ക് പറയുകയോ പരസ്പരവിരുദ്ധമായി സംസാരിക്കയോ ചെയ്യുകയില്ല (എബ്രായർ 6:8). ആത്മാവു ഒരുകൂട്ടം ആളുകളോട് ഒന്നും വേറൊരു കൂട്ടം ആളുകളോട് വേറൊന്നും പറയുകയില്ല. അങ്ങനെ പറഞ്ഞാൽ അതു കലക്കമായിത്തീരും. ദൈവാത്മാവ് ഒരിക്കലും കലക്കത്തിന്റെ ആത്മാവല്ല. സകല മനുഷ്യർക്കുമായി ആത്മാവ് ഒരേ ഒരു വെളിപ്പാടാണ് നല്കിയിരിക്കുന്നത്. ആ പുതിയ നിയമ വെളിപ്പാട് എല്ലാവരും സ്വീകരിച്ചാൽ കലക്കം ഒഴിവാകും. ആത്മാവിന്റെ വചനത്തെ നിരസിക്കുന്നതു ആത്മാവിനെ നിരസിക്കുന്നതിനു തുല്യമാണ്. ആത്മാ

വിന്റെ വചനം അനുസരിക്കുകയാണ് ചെയ്യേണ്ടത് (പ്രവൃത്തികൾ 7:51,52). മനുഷ്യർ മുറുകെ പിടിക്കേണ്ടതു ആത്മാവിന്റെ ഉപദേശങ്ങളാണ് (2 തെസ്സലൊനിക്യർ 2:15; 2 തിമൊഥെയൊസ് 2:2; തിത്തൊസ് 2:1). വിശ്വാസത്താൽ ദൈവകൃപയിലേക്കു നാം പ്രവേശിക്കുന്നതിനു വെളിപ്പെടുത്തിയ വചനം നാം പിൻപറ്റണം. ക്രിസ്തുവിന്റെ കൃപയെ ആളുകൾ വ്യർത്ഥമാക്കുന്നതു വചനത്തെ തള്ളിക്കളയുമ്പോഴാണ് (റോമർ 10:6; 2 തെസ്സലൊനിക്യർ 1:7–9).

കർത്താവ് ഒരുവൻ എന്നു പറഞ്ഞിരിക്കുന്നതു പ്രാധാന്യമർഹിക്കുന്നു. യേശുക്രിസ്തു എന്ന ഒരേ ഒരു കർത്താവാണ് നമുക്കുള്ളത്. കർത്താവു എന്നു പറഞ്ഞാൽ ഭരിക്കുന്നവൻ എന്നർത്ഥം. നമ്മെ വാഴുവാൻ അവൻ മാത്രമാണ് യോഗ്യൻ. അവൻ രാജാവായിത്തീർന്നിരിക്കുന്നതു കൊണ്ടാണ് അത്. അവന്റെ രാജ്യം സ്ഥാപിക്കുവാൻ യേശുവാണ് വിലകൊടുത്തത്. തന്റെ ജീവനും രക്തവും കൊടുത്താണ് അടിമത്വത്തിലായിരുന്ന പ്രജകളെ അവൻ വിലയ്ക്കു വാങ്ങിയത്. അവന്റെ രാജ്യത്തിലേക്കുള്ള പ്രവേശനത്തിനു നിബന്ധനകൾ വെച്ചിട്ടുണ്ട് (യോഹന്നാൻ 3:3–5). കർത്താവിൽ ആശ്രയിക്കത്തക്ക പ്രവൃത്തിയാണ് അവൻ ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതും. നമ്മുടെ ശരീരത്തെയല്ല കർത്താവു വാഴുന്നത്. നമ്മുടെ ഹൃദയത്തിൽ ആണ് വാഴ്ച നടത്തുവാൻ ആഗ്രഹിക്കുന്നത്. അതിനു നാം നമ്മുടെ ഹൃദയം അവനു വിട്ടുകൊടുക്കണം. അതായതു അവൻ തന്റെ വാഴ്ച ആരിലും അടിച്ചേല്പിക്കുകയില്ല എന്നർത്ഥം. അവന്റെ ശബ്ദം കേട്ട് നാം അവനായി ഹൃദയവാതിൽ തുറന്നുകൊടുക്കണം. അപ്പോൾ കർത്താവു നമ്മുടെ ഉള്ളിൽ പ്രവേശിക്കും. അതാണ് ഹൃദയശുദ്ധിയുള്ളവൻ ദൈവത്തെ കാണും എന്നു പറഞ്ഞിരിക്കുന്നത്. യേശുക്രിസ്തു കർത്താധികർത്താവും രജാധിരാജാവും ആണ്. അവനെയല്ലാതെ മറ്റൊരാളെ ഭരിക്കുവാൻ നാം അനുവദിക്കരുത്. കർത്താവു നമ്മുടെ ഹൃദയത്തിൽ വാണില്ലെങ്കിൽ പിശാചിന് നാം അവസരം കൊടുക്കും. അവൻ നമ്മെ നശിപ്പിക്കും. പക്ഷെ ക്രിസ്തു

വിനു സ്ഥാനം കൊടുത്താൽ എന്നേക്കും നമുക്കു ദൈവവുമായി കഴിയാം.

വിശ്വാസം ഒന്ന് എന്നു പരിശുദ്ധാത്മാവു വെളിപ്പെടുത്തിയിരിക്കുന്നു. എന്താണ് ഇവിടെ പറഞ്ഞിരിക്കുന്ന ഒരു വിശ്വാസം? അതെന്തെന്നാൽ സത്യദൈവത്തിൽ അല്ലാതെ മറ്റു ദേവന്മാരിൽ വിശ്വസിക്കരുത്. ജീവനുള്ള ദൈവത്തിൽ വിശ്വസിക്കാതെ ജീവനില്ലാത്ത വിഗ്രഹങ്ങളിൽ ആശ്രയിക്കരുത്. ഒന്നിലധികം വിശ്വാസം യഥാർത്ഥ വിശ്വാസമല്ല. വിശ്വാസം ഏകദൈവത്തിലായിരിക്കണം. സത്യത്തെ വിശ്വസിക്കണം. അസത്യത്തെ വിശ്വസിക്കാതിരിക്കയും വേണം. സത്യം ദൈവവചനമാണ് (യോഹന്നാൻ 17:17). ഭോഷ്ക്ക് വിശ്വസിക്കുന്നവർ അനേകരാണ്. സത്യത്തെ സ്നേഹിച്ചു വിശ്വസിക്കായ്കയാൽ അവർക്കു ഭോഷ്ക്ക് വിശ്വസിക്കുവാൻ ദൈവം വ്യാജത്തിന്റെ വ്യാപാരശക്തി അവരിൽ അയക്കും. സത്യത്തെ വിശ്വസിക്കാത്തതിനുള്ള ശിക്ഷയാണ് അത്. ബൈബിളിൽ ഇന്ന് പുതിയ നിയമത്തിൽ എങ്ങനെ ഈ ഏകവിശ്വാസം ലഭിക്കും എന്നു പറഞ്ഞിട്ടുണ്ട്. ക്രിസ്തുവിന്റെ വചനത്തെ കേൾക്കുന്നതിനാൽ വരുന്നു എന്നാണ് പറഞ്ഞിരിക്കുന്നത് (റോമർ 10:17). പലരിലും പല വിശ്വാസങ്ങൾ ഉണ്ടായതിനു കാരണം അവർ ക്രിസ്തുവിന്റെ വചനം കേട്ടതിന്റെ ഫലമായിട്ടല്ല വിശ്വസിച്ചത്. ദുരുപദേശങ്ങൾ ധാരാളം പ്രചരിച്ചിട്ടുള്ളതും വേറൊരു കാരണമാണ്. സത്യോപദേശം കേട്ടു വിശ്വസിച്ചാൽ അവർ തിരുവെഴുത്തിലെ ഏക വിശ്വാസത്തിൽ ഒതുങ്ങിനില്ക്കും. ദൈവത്തിൽ നിന്നു പ്രതിഫലം കിട്ടുന്നതു ഈ ഏകവിശ്വാസമുള്ളവർക്കാണ്.

സ്നാനം ഉണ്ട് എന്നു നമ്മോടു അരുളിച്ചെയ്തിരിക്കുന്നു. പല സ്നാനങ്ങൾ പല ഉദ്ദേശങ്ങൾക്കായി ചെയ്തിട്ടുണ്ട്. പക്ഷേ, പാപമോചനത്തിനായി ഒരേ ഒരു സ്നാനമാണുള്ളത്. അതു വെള്ളത്തിലുള്ള അടക്കമാണ് (കൊലൊസ്സ്യർ 2:12). തിരുവചനത്തിൽ പറയുന്ന ഏക സ്നാനത്തിന്റെ ഉദ്ദേശവും വ്യക്തമാക്കിയിട്ടുണ്ട്: സ്നാനം വെള്ളം തളിക്കലോ, കോരി ഒഴിക്കലോ അല്ല. പിന്നെയോ അതു പൂർണ്ണമായ നിമഞ്ജനമാണ്. വിശ്വസിച്ച് മാന

സ്സാന്തരപ്പെടുന്നവർക്ക് പാപമോചനത്തിനായുള്ള ഒരു കൽപ്പനയാണിത്. നമ്മുടെ മനസ്സാക്ഷി ശുദ്ധമാകേണ്ടതിനും യേശുവിന്റെ പുനരുത്ഥാനത്തിൽ നമ്മെ രക്ഷിക്കേണ്ടതിനും ആണ്. (1 പത്രൊസ് 3:21). ക്രിസ്തുവിനോടു ചേരുവാൻ ആണ് ആ ഏകസ്നാനം. ക്രിസ്തുവിന്റെ രാജ്യത്തിൽ അഥവാ സഭയിൽ പ്രവേശിക്കുന്നതിനുള്ള കല്പനയാണ് ആ ഏകസ്നാനം. മറ്റു രീതികളിലുള്ള സ്നാനമോ മറ്റു ഉദ്ദേശങ്ങൾക്കായുള്ള സ്നാനമോ ദൈവം സ്വീകരിക്കയില്ല. പുതിയ നിയമത്തിലെ പരിവർത്തന ഉദാഹരണങ്ങൾ എല്ലാം പരിശോധിച്ചാൽ അവരെല്ലാം ബൈബിളിലെ ആ ഏകസ്നാനം ഏറ്റവരാണ് എന്നു കാണാം. അവർ സ്നാന ശേഷം കർത്താവിന്റെ സഭയിൽ വിശ്വസ്തമായി ജീവിച്ചു എന്നും കാണാം. ആത്മാവിന്റെ ഐക്യത എല്ലാ വിഷയങ്ങളിലും വ്യക്തമാണ്. പക്ഷെ മനുഷ്യർ അവ ശരിയായി മനസ്സിലാക്കാത്തതുകൊണ്ട് പാരമ്പര്യപ്രകാരമുള്ള ആചാരങ്ങളിലും വിശ്വാസങ്ങളിലും ഏർപ്പെടുന്നു. അവ ഒന്നും നമ്മെ ദൈവത്തോട് അടുപ്പിക്കയില്ല.

✶

# ആത്മനിയന്ത്രണമില്ലാതെ ക്രിസ്ത്യാനിത്വമില്ല

## ചാൾസ് ബോക്സ്

ക്രിസ്തീയ ജീവിതത്തിന്റെ ശക്തമായ ഭാഗമാണ് അത്മ നിയന്ത്രണം എന്നത്, അടിസ്ഥാന വിശ്വാസത്തോടു ചേർക്കാവുന്നതാണ് സ്വനിയന്ത്രണം എന്ന സ്വഭാവം. "അതു നിമിത്തം തന്നെ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു, നിങ്ങളുടെ വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും, പരിജ്ഞാനത്തോടു ഇന്ദ്രിയജയവും, ഇന്ദ്രിയ ജയത്തോട് സ്ഥിരതയും, സ്ഥിരതയോടു ഭക്തിയും, ഭക്തിയോട് സഹോദരപ്രീതിയും, സഹോദരപ്രീതിയോട് സ്നേഹവും കൂട്ടി കൊൾവിൻ (2 പത്രൊസ് 1:5-7). ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റവർ ഒരിക്കലും തിന്മ അവരുടെ യജമാനനാകാൻ അനു

വദിക്കില്ല (റോമർ 6:3–4).

"ആകയാൽ പാപം നിങ്ങളുടെ മർത്യ ശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറ് ഇനി വാഴരുത്. നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായി ദൈവത്തിനു സമർപ്പിച്ചുകൊൾവിൻ" (റോമർ 6:12,13). കർത്താവിന്റെ ശരീരമാണ് സഭ. ആ സഭയിലുള്ള അംഗങ്ങൾ ഓരോരുത്തരും അനീതി പരിശീലിക്കുകയില്ല എന്നു തിരുവെഴുത്തു സാക്ഷ്യപ്പെടുത്തുന്നു. ഉത്തരവാദിത്വം നിറവേറ്റുവാൻ നമുക്കു ആത്മനിയന്ത്രണം ആവശ്യമാണ്. ഇന്ദ്രിയങ്ങളെ ജയിക്കുവാൻ ദൈവസഹായം നമുക്കാവശ്യമാണ്.

## എന്താണ് ആത്മ നിയന്ത്രണം

റോമിലുണ്ടായിരുന്ന സഹോദരന്മാരും എല്ലാ ക്രിസ്ത്യാനികളും ആത്മനിയന്ത്രണത്തിന്റെ പ്രാധാന്യം മനസ്സിലാക്കണമെന്നു പൗലൊസ് ആഗ്രഹിച്ചതു കൊണ്ടു വീണ്ടും എഴുതി. "നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവർത്തിയെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും" (റോമർ 8:13). യേശുക്രിസ്തു എന്ന കർത്താവിനു കീഴ്പ്പെട്ടു ശരീരത്തിന്റെ പ്രവർത്തികളെ നിയന്ത്രിക്കുക അഥവാ അച്ചടക്കത്തിൽ വരുത്തുക എന്നതാണ് ആത്മനിയന്ത്രണം. പ്രാർത്ഥനയാലും ദൈവപരിജ്ഞാനത്താലും ക്രിസ്തീയ വിശ്വാസം പരിശീലിക്കുന്നതിനാലും ഇന്ദ്രിയജയം കൈവരിക്കാം. ക്രിസ്ത്യാനികൾ നന്മയും തിന്മയും വിവേചിക്കാൻ ദൈവപരിജ്ഞാനം ഉപയോഗിക്കണം. നന്മ തിരഞ്ഞെടുത്തു പരിശീലിപ്പിച്ച് ശക്തിപ്പെടുത്തണം. "കട്ടിയായുള്ള ആഹാരം നന്മ തിന്മകളെ തിരിച്ചറിയുവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളു" (എബ്രായർ 5:14).

## എങ്ങനെ ഇന്ദ്രിയ ജയം നേടാം?

നമ്മുടെ സ്വന്ത ഇഷ്ടങ്ങളെ മാറ്റിക്കളഞ്ഞ് അഥവാ ക്രൂശീകരിച്ചു ഓരോ ദിവസവും കർത്താവിനെ അനുഗമിക്കണം. പിന്നെ അവൻ എല്ലാവരോടും പറഞ്ഞു: എന്നെ അനുഗമിപ്പാൻ ഒരു

ത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ (ലൂക്കൊസ് 9:23). ഈ ആത്മനിയന്ത്രണം, ശാരീരിക ഇച്ഛകളെ ക്രൂശിക്കുന്നതിലൂടെയാണ് വളരുന്നത്. "ക്രിസ്തുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു" (ഗലാത്യർ 5:24). പാപസ്വഭാവം നീക്കി കളഞ്ഞു ക്രിസ്തുവിനു കീഴ്പ്പെട്ടു ജീവിക്കുന്നതിനെയാണ് ക്രൂശിക്കുക എന്നു പറയുന്നത്. പൗലൊസ് പറഞ്ഞു: "ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രനിലുള്ള വിശ്വാസത്താൽ അത്രെ ജീവിക്കുന്നത് (ഗലാത്യർ 2:20).

ന്യായവിധിയിൽ നാം ദൈവത്തിനു കണക്കു കൊടുക്കേണ്ടവർ ആണ് എന്ന ഉത്തരവാദിത്വത്തിൽ വേണം ഓരോ ക്രിസ്ത്യാനിയും ജീവിക്കുവാൻ. അതു തിരിച്ചറിഞ്ഞാൽ ആത്മനിയന്ത്രണം ഒരു സ്വഭാവമാക്കി നാം എടുക്കും. അവ അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും ചീത്തയാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുൻപാകെ നിൽക്കേണ്ടതാകുന്നു (2 കൊരിന്ത്യർ 5:10). നാം പറയുന്ന വാക്കുകൾക്കും ചെയ്യുന്ന പ്രവർത്തികൾക്കും കണക്കു കൊടുക്കണം. അതുകൊണ്ട് അച്ചടക്കം ദൈവഭക്തിയുള്ള ഒരാൾക്ക് അത്യന്താപേക്ഷിതമാണ്.

### ആത്മനിയന്ത്രണം ഇല്ലാതെ വരുമ്പോൾ

ഇന്ദ്രിയജയം ഇല്ലാതെ വന്നപ്പോഴാണ് ഹവ്വ, വിലക്കപ്പെട്ട കനി ഭക്ഷിച്ചത്. "ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു, ഭർത്താവിനും കൊടുത്തു അവനും തിന്നു'' (ഉൽപത്തി 3:6). ആഖാൻ യെരിഹോവിൽ നിന്നു സ്വർണ്ണവും വെള്ളിയും എടുക്കാൻ കാരണം അവനു ആത്മനി

യന്ത്രണം ഇല്ലാതിരുന്നതു കൊണ്ടാണ്. കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായ ബാബിലോൺ മേലങ്കിയും 200 ശേക്കൽ വെള്ളിയും 50 ശേക്കൽ തൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു മോഹിച്ചെടുത്തു. അവ എന്റെ കൂടാരത്തിന്റെ നടുവിൽ നിലത്തു കുഴിച്ചിട്ടിരിക്കുന്നു. വെള്ളി അടിയിൽ എന്നു ആഖാൻ പറഞ്ഞു (യോശുവാ 7:21).

സുന്ദരിയായ ബേത്ത്ശേബയെ കണ്ടു മോഹിച്ച രാജാവു പാപത്തിനിരയായി "ഒരുനാൾ സന്ധ്യയാകാറായ സമയത്ത് ദാവീദ് മെത്തമേൽ എഴുന്നേറ്റ് രാജധാനിയുടെ മാളികയിൽ ഉലാത്തിക്കൊണ്ടിരിക്കുമ്പോൾ ഒരു സ്ത്രീ കുളിക്കുന്നതു മാളികയിൽ നിന്നു കണ്ടു. ആ സ്ത്രീ അതിസുന്ദരിയായിരുന്നു. ദാവീദ് ആളയച്ചു ആ സ്ത്രീയെപ്പറ്റി അന്വേഷിച്ചു. അവൾ ഏലിയാമിന്റെ മകളും ഹിത്യനായ ഊരിയാവിന്റെ ഭാര്യയുമായ ബേത്ത് ശേബ എന്നറിഞ്ഞു. ദാവീദ് ദൂതന്മാരെ അയച്ചു അവളെ വരുത്തി അവൾ അവന്റെ അടുക്കൽ വന്നു. അവൾക്കു ഋതുശുദ്ധി വന്നിരുന്നതു കൊണ്ട് അവൻ അവളോടു കൂടെ ശയിച്ചു. അവൾ തന്റെ വീട്ടിലേയ്ക്കു മടങ്ങിപോയി (2 ശമുവേൽ 11:2-4). ആത്മനിയന്ത്രണമില്ലെങ്കിൽ ആത്മാവിനെ വ്രണപ്പെടുത്തും.

### ആത്മനിയന്ത്രണം പരിശീലിക്കുമ്പോൾ

ആത്മനിയന്ത്രണം പാലിച്ചുകൊണ്ടാണ് അപ്പൊസ്തലനായ പൗലൊസ് വലിയൊരു ദൈവദാസനായി തീർന്നത്. മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻ എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രെ ചെയ്യുന്നത്. പൊത്തിഫേറിന്റെ ഭാര്യയുടെ മോഹത്തിനിരയാകാതെ ഓടിപോകുവാൻ യോസേഫ് തുനിഞ്ഞത് ആത്മനിയന്ത്രണം കൊണ്ടാണ്. തന്റെ യജമാനന്റെ ഭാര്യയാണ് യോസേഫിനെ അവളോടു കൂടെ ശയിക്കാൻ നിർബന്ധിച്ചത്. ദൈവഭക്തനായ യോസേഫ് അവനെ ഒരിക്കലും പാപത്തിനു വിട്ടുകൊടുത്തിട്ടില്ല. ദൈവത്തിനെതിരായി പാപം ചെയ്യാതിരിക്കേണ്ടതിന് തന്റെ വസ്ത്രം ഉപേക്ഷിച്ചു അവൻ ഓടിപോയി (ഉല്പത്തി 39:7-9).

അധ്യക്ഷന്മാർക്കു ഉണ്ടായിരിക്കേണ്ട യോഗ്യതകളിൽ

ഒന്നാണ് ഇന്ദ്രിയജയം. കർത്താവിന്റെ സഭയെ നടത്തേണ്ടവർക്കു അച്ചടക്കം അനിവാര്യമാണ്. "അതിഥിപ്രിയനും സൽഗുണപ്രിയനും, സുബോധശീലനും നീതിമാനും നിർമ്മദനും, ജിതേന്ദ്രിയനും" തുടങ്ങിയ മറ്റു ഗുണങ്ങളും ഉണ്ടായിരിക്കണം (തിത്തൊസ് 1:8). ആത്മനിയന്ത്രണം പരിശീലിക്കുമ്പോൾ അതു നിങ്ങൾക്കു അനുഗ്രഹമായി തീരും. നിങ്ങളുടെ ജീവിതം മറ്റുള്ളവരെ സ്പർശിക്കയും ചെയ്യുന്നു.

### എവിടെ ക്രിസ്ത്യാനികൾ ഇതു പരിശീലിക്കേണം?

നല്ലതും ശരിയായതുമായ കാര്യങ്ങളിൽ വേണം ഇന്ദ്രിയജയം നടത്തുവാൻ (1) ഭക്ഷണത്തിൽ (2) സുഖഭോഗത്തിൽ (3) ചീട്ടുകളി (4) മദ്യപാനം (5) മോഷണം തുടങ്ങിയ അസംഖ്യം കാര്യങ്ങൾ ഉണ്ട്. ക്രിസ്ത്യാനികൾ വികാരത്തെയും നിയന്ത്രിക്കണം. ദീർഘക്ഷമയുള്ളവൻ, മഹാബുദ്ധിമാൻ; മുൻകോപിയോ ഭോഷത്വം ഉയർത്തുന്നു (സദൃശവാക്യങ്ങൾ 14:29). ക്രിസ്ത്യാനികൾ തങ്ങളുടെ നാവിനേയും നിയന്ത്രിക്കണം. ആവശ്യമുള്ളപ്പോൾ മാത്രം സംസാരിക്കയും അവശ്യമുള്ളതു മാത്രം സംസാരിക്കയും വേണം. "നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാൺ ഇടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചു കൊണ്ട് ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥമത്രെ" (യാക്കൊബ് 1:26).

ആത്മാവിന്റെ ഫലങ്ങളിൽ ഒന്നാണ് ഇന്ദ്രിയ ജയം. പരിശുദ്ധാത്മാവ് ലഭിച്ചവരിൽ ആത്മനിയന്ത്രണം ഉണ്ടാകും (ഗലാത്യർ 5:23). ക്രിസ്തിയ കൃപകളിൽ ഒന്നാണ് ഇന്ദ്രിയജയം (2 പത്രൊസ് 1:5–8). ഇതു ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും (2 പത്രൊസ് 1:11). നമ്മുടെ ചിന്തകൾ ക്രിസ്തുവിന്റെ നിത്യരാജ്യത്തിലേയ്ക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും (2 പത്രൊസ് 1:11). നമ്മുടെ ചിന്തകൾ ക്രിസ്തുവിന്റേതായി മാറാൻ ആത്മനിയന്ത്രണം ആവശ്യമാണ്. ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായവയെ ഇടിച്ചുകളഞ്ഞു. സകല വിചാരങ്ങളും

സങ്കല്പങ്ങളും മാറ്റി ക്രിസ്തുവിനെ അനുസരിക്കുവാനായി നിയന്ത്രിക്കണം (2 കൊരിന്ത്യർ 10:5).

✶

# സത്യത്തിന്റെ സത്ത

### ബെറ്റി ബർട്ടൻ ചോട്ട്

"നിയമം" - ഭരണഘടന അഥവാ തത്വങ്ങൾ ആയി കണക്കാക്കാം അല്ലെങ്കിൽ സ്ഥാപിക്കപ്പെട്ട സംസ്കാരമാകാം. എന്നാൽ "സത്യം" ഒരു യോഗ്യത അല്ലെങ്കിൽ അവസ്ഥ മാറാതിരിക്കുന്നതാണ്. നിയമം മാനുഷികവും ദൈവികവുമായി തരംതിരിക്കാം. അതു പോലെയല്ല സത്യം. സത്യം ദൈവവും ദൈവം സത്യവുമാണെന്ന് ആരോ പറഞ്ഞിട്ടുണ്ട്. മനുഷ്യരിൽ പ്രമാണിമാർ നൽകി എന്നതുകൊണ്ടോ അല്ലെങ്കിൽ വിദ്യാഭ്യാസം ഉള്ളവർ നല്കി എന്നതിനാലോ അതു സത്യമാകണമെന്നില്ല. അങ്ങനെ സ്ഥാപിക്കാൻ ശ്രമിച്ചേക്കാം. മനുഷ്യർ സമ്മതിച്ചാലും ഇല്ലെങ്കിലും ചില അടിസ്ഥാന തത്വങ്ങൾ സ്ഥിരമായിരിക്കുന്നു.

മനുഷ്യരുടെ ഇന്നത്തെ അവസ്ഥയിൽ കടന്നുകൂടിയിട്ടുള്ള ചിന്ത പറഞ്ഞു കേൾക്കുന്നതു "അതു നിങ്ങളുടെ ക്രിസ്തീയ വിശ്വാസമാണ്, അല്ലെങ്കിൽ നിങ്ങളുടെ വിശ്വാസം ഞങ്ങളിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കരുത്" എന്നാണ്. ഇത് അവർക്കു യാഥാർത്ഥ്യം അറിയുവാനുള്ള ആഗ്രഹമില്ലായ്മയാണ് സൂചിപ്പിക്കുന്നത്. അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരിൽ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വരുന്നു (റോമർ 1:18). അവർ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥമായിത്തീരുന്നു. ദൈവത്തെ നിഷേധിച്ച് ആളുകൾ പാപത്തെ സ്വീകരിക്കുന്നു. അധാർമ്മിക ജീവിതം ഇഷ്ടപ്പെടുന്നവർ ആത്മീക സത്യത്തെ തടുക്കുന്നു. ഒരാൾക്ക് യഥാർത്ഥ ഭാര്യയുള്ളപ്പോൾ മറ്റൊരു സ്ത്രീയോടു കൂടെ ജീവിക്കുവാൻ സത്യത്തെ അയാൾ എതിർക്കുന്നു. തെറ്റ് ചെയ്യുന്നതു കുറ്റമല്ല എന്ന രീതിയിൽ ന്യായീ

കരിക്കുന്നവർ അവർക്കു നേരിടുന്ന മാനസീകസംഘർഷത്തെ അവഗണിക്കയോ മൂടിവെക്കയോ ചെയ്യുന്നു.

മനുഷ്യചരിത്രം നാം പരിശോധിച്ചാൽ ഇത്തരം നിഷേധ ഭാവത്തോടെ ജീവിച്ചവർ നേരിട്ട ശാരീരികവും മാനസികവും വൈകാരികവുമായ അനുഭവങ്ങൾ അവരുടെ ക്രിയാത്മകത നഷ്ടപ്പെടുത്തിയതായി കാണാം. നേരെ മറിച്ച് തെറ്റും ശരിയും മനസ്സിലാക്കി തെറ്റിനെ ഉപേക്ഷിച്ച് ശരിയായതു പ്രവർത്തിച്ചവരുടെ കർമ്മശേഷി വർദ്ധിപ്പിച്ചിരുന്നു എന്നു കാണാം. അവരുടെ മനസ്സും ചിത്തവും നേരുള്ളതായിരുന്നതു കൊണ്ടാണത്. ദൈവിക നിയമം മനുഷ്യരുടെ ഉല്പത്തി മുതൽ നല്കിയിരിക്കുന്നത് നോക്കുക: ഇവ സത്യമാണെങ്കിലും അനവധി ആളുകൾ അവ പൂർണ്ണമായും സത്യമാണെന്നു വിശ്വസിച്ചിട്ടില്ല.

ഉദ്ദാഹരണമായി ഭോഷ്ക്ക് അഥവാ നുണ തെറ്റാണെന്നു എല്ലാവർക്കും അറിയാം. ചില ആളുകൾ ആത്മാർത്ഥതയില്ലായ്മയെ അനുവദിച്ചേക്കാം. ഒരു നല്ല കാര്യത്തിനു വേണ്ടി നുണ പറഞ്ഞാലും കുഴപ്പമില്ല എന്നു വാദിക്കുന്നവരും കണ്ടേക്കാം. എന്നാലും നുണ നുണ തന്നെ. അതിന്റെ ഭവിഷ്യത്തും വലുതാണ്. അതിനു അതിന്റേതായ സ്വാഭാവിക ഫലങ്ങളുണ്ട്. ഒരു വീട്ടിൽ ഒരാൾ നുണ പരിശീലിക്കുന്നവനാണെങ്കിൽ ആ വ്യക്തിയെ പൂർണ്ണമായി ആരാണ് വിശ്വസിക്കുക? ഏതെങ്കിലും രാജ്യത്തിലെ ഒരു സമൂഹം ഭോഷ്ക്ക് പറയുന്നവരാണെങ്കിൽ ആ സമൂഹം പുരോഗതി പ്രാപിക്കയില്ല. കാരണം അവർക്ക് മറ്റുള്ളവരുടെ വിശ്വസ്ത സഹായം പ്രതീക്ഷിക്കാൻ സാധ്യമല്ല. ക്രമേണ ഇത് ആർക്കെതിരെ ഉപയോഗിക്കുന്നുവോ അവർക്ക് ഇതു വേദനാജനകമാകുന്നു. സത്യത്തെ ലംഘിക്കുമ്പോൾ അതിന്റെ പ്രത്യാഘാതം ഒരാളിൽ മാത്രം ഒതുങ്ങി നില്ക്കുന്നില്ല.

മോഷണം പരമ്പരാഗതമായി തെറ്റു തന്നെയാണ്. ദേശത്തെ നിയമം അതിനെ മോഷണം എന്നു പറഞ്ഞില്ലെങ്കിലും അതു മോഷണം അല്ലാതാവുന്നില്ല. മറ്റൊരാളുടെ എന്തെങ്കിലും അപഹരിക്കുന്നത് തെറ്റു തന്നെയാണ്. കള്ളനെ ക്രമേണ പിടികൂടു

കയും ശിക്ഷിക്കുകയും വേണം. അവന്റെ ദാരിദ്ര്യമാണ് അവനെക്കൊണ്ട് അതു ചെയ്യിച്ചതെന്ന ന്യായീകരണം കേൾക്കാം. എങ്കിലും അതു മോഷണം തന്നെയാണ്. സത്യത്തെ ലംഘിക്കുകയാണ് ചെയ്യുന്നത്. തനിക്ക് അർഹതയില്ലാത്തതു അവൻ കവർന്നെടുക്കുന്നു എന്നതാണ് കുറ്റം.

നിരപരാധിയുടെ രക്തം ചൊരിയിക്കുന്നതു തെറ്റാണ്. ഗർഭസ്ഥ ശിശുവിനെ നശിപ്പിക്കുന്നതു തെറ്റാണെന്ന കാര്യം വർഷങ്ങളോളം സമ്മതിച്ചിരുന്നില്ല. അതുകൊണ്ട് അതു തെറ്റല്ലാതാകുന്നില്ല. ഭ്രൂണഹത്യ ചെയ്തിട്ടുള്ള അനേകം മാതാപിതാക്കൾ, ഡോക്ടർമാർ ഉണ്ടായിട്ടുണ്ട്. പല കാരണങ്ങൾ കൊണ്ടാണ് അവർ അത് ചെയ്തിരുന്നത്. ഇന്നു ചില സ്ഥലങ്ങളിൽ സ്കാൻ ചെയ്തു പെൺകുട്ടിയാണെന്നറിഞ്ഞാൽ അതിനെ നശിപ്പിക്കാൻ ധൈര്യപ്പെടുന്നവരുണ്ട്. ആൺകുട്ടി ആണെന്നറിഞ്ഞാൽ അതിനെ നശിപ്പിക്കയുമില്ല. ഇത്തരം ക്രൂരകൃത്യങ്ങൾ വിദ്യാഭ്യാസവും സംസ്കാരവും ഉള്ളവർക്കിടയിലാണ് സംഭവിക്കുന്നത്. നിരപരാധിയായ ശിശുഹത്യകൾ ആരെല്ലാം എന്തിനു വേണ്ടി എല്ലാം ചെയ്താലും അതു തെറ്റുതന്നെയാണ്. കുറ്റബോധത്തിൽ നിന്നും നഷ്ടബോധത്തിൽ നിന്നും ആ കുടുംബങ്ങൾക്കു കരകയറാൻ കഴിഞ്ഞിട്ടില്ല എന്നതു പരമാർത്ഥമാണ്. കാരണം സ്പഷ്ടം, സത്യത്തെ ലംഘിക്കുന്നതു കൊണ്ടാണ്.

കുടുംബത്തെ വേർപിരിക്കുന്നത് തെറ്റാണ്. ദൈവം ഉപേക്ഷിക്കാൻ അനുവദിക്കാതിരിക്കുന്നത് വിവാഹം കഴിഞ്ഞാൽ ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചു ജീവിക്കണം എന്നതുകൊണ്ടാണ്. ഭർത്താവ് ജീവനോടെയിരിക്കുമ്പോൾ ഭാര്യ വേറെ പുരുഷന് ആയാൽ അതു വ്യഭിചാരമായിത്തീരും. ഭാര്യ ജീവനോടെയിരിക്കുമ്പോൾ ഭർത്താവ് മറ്റൊരു സ്ത്രീയെ സ്വീകരിച്ചാലും അത് വ്യഭിചാരമാകും. തന്നെയുമല്ല ഉടനെ അവർ ധാരാളം പ്രശ്നങ്ങൾ നേരിടും. അതിൽ ബന്ധപ്പെടുന്നവർ ആയുഷ്ക്കാലം മുഴുവൻ കഷ്ടതയും വേദനയും അനുഭവിക്കും, പ്രത്യേകിച്ചു കുട്ടികൾ ഭയപ്പെടും. ഛിന്നഭിന്നമായ കുടുംബങ്ങൾ, ആവർത്തിച്ചുള്ള ഉപേക്ഷണങ്ങൾ പുനർവിവാഹം തുടങ്ങിയവ ആളുകളിൽ ശാരീരി

കവും വൈകാരികവും ലൈംഗികവുമായ അരാജകത്വം നടക്കും, തുടർന്നു വെറുപ്പും വിദ്വേഷവും വർദ്ധിച്ച് കുലപാതകത്തിലേക്കും നീങ്ങും. കുടുംബം മോശമായാൽ സമൂഹം മോശമാകും, സമൂഹം മോശമായാൽ രാജ്യവും മോശമാകും. അതു ആളുകൾ ഒരു സത്യത്തെ നിഷേധിക്കുന്നതുകൊണ്ടാണ്. കുടംബത്തിന്റെ വിശുദ്ധി നഷ്ടപ്പെടുത്തിയാൽ ശാപമായിരിക്കും അനന്തരഫലം. ദൈവം അതു വിലക്കിയിരിക്കുന്നതിന്റെ കാരണം സ്പഷ്ടമാണ്.

ലൈംഗിക അധാർമ്മികത പരിശീലിക്കുന്നതു തെറ്റു തന്നെയാണ്. ദൈവം ആരംഭത്തിൽ തന്നെ ഒരു സത്യം വെളിപ്പെടുത്തിയിരിക്കുന്നു. ഒരു പുരുഷന് ഒരു സ്ത്രീ. മനുഷ്യർക്ക് ഇതനുസരിച്ച് അനുഗ്രഹീത കുടുംബജീവിതം നയിക്കാം. പക്ഷേ, ആളുകൾ ഒന്നിലധികം പേരെ വേണമെന്ന് ആഗ്രഹിച്ചാൽ എന്തു ചെയ്യും? ദൈവനിയമത്തെ ലംഘിച്ചാൽ ഫലം കഷ്ടതയും ദുരിതവും തന്നെ.

ജനനേന്ദ്രിയ രോഗങ്ങൾ അധികവും പിടിപെടുന്നത് വിവാഹേതര ലൈംഗികബന്ധം പുലർത്തുന്നവരിലാണ് അല്ലെങ്കിൽ എയ്ഡ്സ് രോഗം വരുവാനുള്ള കാരണവും മറ്റൊന്നല്ല. വിവാഹം കഴിഞ്ഞ് ഭർത്താക്കന്മാർക്കു കീഴ്പ്പെട്ട് ജീവിക്കുന്ന സ്ത്രീകളേക്കാൾ മറ്റു തരത്തിൽ ജീവിക്കുന്ന സ്ത്രീകളിലാണ് ഇത്തരം വ്യാധികൾ പലതും പിടിപെടുന്നത്. ഇതെല്ലാം ആളുകൾ സമ്മതിച്ചാലും ഇല്ലെങ്കിലും വാസ്തവമാണ്. നിഷേധിക്കാനാവാത്ത ധാരാളം വസ്തുതകൾ ഇനിയും നിരത്താം. അവർ ചെയ്യുന്ന പാപത്തിന്റെ ശിക്ഷയാണ് അവർ അനുഭവിക്കുന്നത് (റോമർ 1:27). സ്ത്രീയായാലും പുരുഷനായാലും തന്റെ പങ്കാളിയോട്, ധാർമ്മികമായി വിശ്വസ്തത പുലർത്തേണ്ട രീതിയിലാണ് ശരീരഘടന രൂപപ്പെടുത്തിയിരിക്കുന്നത്. ആ സത്യത്തെ നിഷേധിച്ച് ലംഘിക്കുമ്പോൾ വേദനയും കുഴപ്പവും അനന്തര ഫലങ്ങളും അനുഭവിക്കാതെ തരമില്ല.

ദൈവം മാത്രമാണ് ദൈവം. ഏക സത്യദൈവമേയുള്ളു.

മറ്റൊരു ദൈവമില്ല. ദൈവം ഉണ്ട്. അവനാണ് അന്തിമ സത്യം. അവനെ നിഷേധിക്കുന്നത് അന്തിമമായ തെറ്റാണ്. സത്യദൈവത്തെ അറിയാത്തവർ മിഥ്യാദൈവങ്ങളെ അഥവാ ജീവനില്ലാത്ത വിഗ്രഹങ്ങളെ വണങ്ങുന്നു. അതു തെറ്റാണ്. അതിന്റെ അനന്തരഫലം ദൈവം മുന്നറിയിച്ചിട്ടുണ്ട്. നാം അവിശ്വസിച്ചാലും ദൈവം ഉണ്ട് എന്നതിന് മാറ്റം വരുന്നില്ല. നാം വിശ്വസിച്ചാലും ഇല്ലെങ്കിലും ദൈവത്തിന്റെ വിശ്വസ്തതക്കു മാറ്റം വരികയില്ല.

അതുകൊണ്ട് ദൈവം അല്ല ചിലർ അനുഗ്രഹിക്കപ്പെടുവാനും മറ്റുചിലർ ശപിക്കപ്പെടുവാനും ഇടയാക്കിയത്. നാം തന്നെയാണ് അല്ലെങ്കിൽ നമ്മുടെ പ്രവൃത്തികളാണ്. നമ്മുടെ ജീവിതത്തിൽ നാം സത്യത്തെ സ്വീകരിച്ചാൽ അതിന്റേതായ ഫലമുണ്ട്. നിരസിച്ചാൽ അതിന് നാശവുമുണ്ട്. നാം അവനെ ഉപേക്ഷിച്ചാൽ അവൻ നമ്മെയും ഉപേക്ഷിക്കും (2 തിമൊഥെയൊസ് 2:12,13). അവന്നു തന്നെത്താൻ ത്യജിക്കാൻ സാധ്യമല്ല. യേശു ഈ ഭൂമിയിലായിരുന്നപ്പോൾ അവിശ്വാസികളോട് അവൻ പറഞ്ഞു "ഞാനോ അവനെ അറിയുന്നു, അവനെ അറിയുന്നില്ല എന്നു ഞാൻ പറഞ്ഞാൽ നിങ്ങളെപ്പോലെ ഭോഷ്ക്ക് പറയുന്നവൻ ആകും. എന്നാൽ ഞാൻ അവനെ അറിയുന്നു. അവന്റെ വചനം പ്രമാണിക്കയും ചെയ്യുന്നു" (യോഹന്നാൻ 8:55),

★

# ബോധ്യമാക്കുന്ന തെളിവ്

## ഡുവെയിൻ വാർഡെൻ

യേശു തന്നെ ക്രിസ്തു എന്നും വാഗ്ദാനം ചെയ്ത ദൈവരാജ്യവും തെളിയിക്കുന്നതാണ് പ്രവചനനിവർത്തീകരണം എന്നു യേശുവും അവന്റെ അപ്പൊസ്തലന്മാരും വ്യക്തമാക്കിയിട്ടുണ്ട്. യേശു ഉയിർത്തെഴുനമ്നേറ്റ ശേഷം തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷനായി അവരോടുകൂടെ ഭക്ഷിച്ചു. മുൻപു പലപ്പോഴായി അവരെ ഉപദേശിച്ചിട്ടുള്ളതു ഓർമ്മിപ്പിക്കാൻ പറ്റിയ സമയമാ

യിരുന്നു അത്. "പിന്നെ അവൻ അവരോടു: ഇതാകുന്നു നിങ്ങളോടു കൂടെ ഇരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്. മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നത് ഒക്കെയും നിവൃത്തിയാകേണം എന്നുള്ളതു തന്നെ എന്നു പറഞ്ഞു" (ലൂക്കൊസ് 24:44). പ്രവചന നിവർത്തീകരണത്തെക്കുറിച്ചു യേശു ശിഷ്യന്മാരോടു പറഞ്ഞതെല്ലാം നമുക്ക് അറിയില്ലെങ്കിലും, നമുക്ക് ഈ പ്രസ്താവനയുണ്ട്. "നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു. അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ" (യോഹന്നാൻ 5:39) അവ എനിക്കു സാക്ഷ്യം പറയുന്നു.

യേശു അവകാശപ്പെട്ടതിന്റെ ആഴം ഗ്രഹിക്കുവാൻ ശിഷ്യന്മാർക്കോ അക്കാലത്തുണ്ടായിരുന്നവർക്കോ കഴിഞ്ഞില്ല. "ഞാനും പിതാവും ഒന്നാകുന്നു" (യോഹന്നാൻ 10:30). ഫിലിപ്പിന്റെ കൈസര്യയിൽ നടന്ന സംഭവം (മത്തായി 16:13 മുതൽ) അതു പ്രശോഭിപ്പിക്കുന്നതായിരുന്നു. അവർ കണ്ടതായ അടയാളങ്ങളും കേട്ട ഉപദേശങ്ങളും ശിഷ്യന്മാർക്കു വെല്ലുവിളി ഉയർത്തുന്നതായിരുന്നു. ശിഷ്യന്മാർ ശ്രദ്ധാപൂർവ്വം അതിനു മറുപടി നല്കി. അവർ എന്തായിരുന്നു ചിന്തിച്ചിരുന്നത്? യേശു, ഒരു പക്ഷേ യോഹന്നാൻ സ്നാപകൻ കല്ലറ വിട്ടു വന്നതോ അല്ലെങ്കിൽ ഏലിയാവോ ആയിരിക്കാം എന്നു അവർ വിചാരിച്ചു. അതുകൊണ്ട് യേശു അവരോട് ചോദിച്ചു നിങ്ങൾ എന്നെ ആർ എന്നു പറയുന്നു? അതിന്നു പത്രൊസ് "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു" എന്നു ഉത്തരം പറഞ്ഞു (മത്തായി 16;15,16).

ദൈവം ജഡത്തിൽ വന്ന വ്യക്തിയാണ് യേശു എന്നു തീർച്ചപ്പെടുത്തുവാൻ ശിഷ്യന്മാർക്കു എളുപ്പത്തിൽ കഴിഞ്ഞില്ല! നിസ്സാരമായി അവർക്ക് അതു സ്വീകരിക്കാൻ കഴിഞ്ഞില്ല. പുരാതന ലോകത്തിലും ആധുനിക ലോകത്തിലും ആർക്കും എന്തു വേണമെങ്കിലും അവകാശപ്പെടാം. നൂറ്റാണ്ടുകളായി പ്രവാചകന്മാർ വരികയും പോവുകയും ചെയ്തിട്ടുണ്ട്. ബുദ്ധിയും വൈഭവവുമുള്ള

ആളുകളെ പിൻപറ്റുവാനും ആളുകൾ കാണും. പ്രവാചകന്മാരെ പരിശോധിച്ച് വിവേചിക്കേണ്ട സമയം ഉണ്ട് (1 യോഹന്നാൻ 4:1). വിശ്വസിക്കേണ്ട തെളിവു കുടാതെ യേശു ദൈവപുത്രനാണെന്നു വിശ്വസിക്കുവാനല്ല ദൈവം പറഞ്ഞത്. യോഹന്നാൻ സ്നാപകന്റെ സാക്ഷ്യത്തിനു പുറമെ യേശു അത്ഭുതം ചെയ്യുകയും അതോടൊപ്പം തിരുവെഴുത്തുകളെ പരിശോധിക്കുവാനും കർത്താവു പറഞ്ഞിട്ടുണ്ട് (യോഹന്നാൻ 5:33-36).

"ദൈവശ്വാസിയമാണ് തിരുവചനം (2 തിമൊഥെയൊസ് 3:16) യേശു ദൈവപുത്രനാണെന്നു പ്രഖ്യാപിക്കയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ചരിത്രത്തിൽ അതു മുൻകൂട്ടി അറിയിച്ചിരിക്കുന്നതിൽ അത്ഭുതപ്പെടാനാവില്ല. ദൈവം ശ്വസിച്ചു നല്കിയ അരുളപ്പാടുകൾ വിശ്വസനീയമത്രെ. ദൈവം സത്യവാനാണ്. അവന്റെ അരുളപ്പാടുകളും സത്യമാണ്. ആത്മാവ് അഥവാ സത്യത്തിന്റെ ആത്മാവ് ശിഷ്യന്മാർക്കു നല്കി, അവർ ആ സത്യവചനം പ്രസംഗിക്കയും രേഖപ്പെടുത്തുകയും ചെയ്തു. ദൈവത്തിന് ഭോഷ്ക്ക് പറയാൻ സാധ്യമല്ല (യോഹന്നാൻ 17:17). തിരുവെഴുത്തിലെ വസ്തുതകൾ, പ്രസ്താവനകൾ, കല്പനകൾ എല്ലാം രേഖപ്പെടുത്തിയിരിക്കുന്നത് നമ്മുടെ ഓരോരുത്തരുടേയും പ്രയോജനത്തിനാണ്. പ്രവാചകന്മാർ ക്രിസ്തുവിനെക്കുറിച്ചു മുൻപറഞ്ഞിരിക്കുന്നതും ക്രിസ്തു വന്നു വെളിപ്പെടുത്തിയതും യാഥാർത്ഥ്യബോധത്തോടെ ആളുകൾ സ്വീകരിക്കണം. ക്രിസ്തു തന്റെ സഭയെക്കുറിച്ചും വ്യക്തമാക്കി. പ്രവചനങ്ങൾ ക്രിസ്തുവിൽ കൂടെ നിറവേറിയത് അപ്പൊസ്തലന്മാരും രേഖപ്പെടുത്തിയിരിക്കുന്നു (ലൂക്കൊസ് 24:44).

അഗ്രിപ്പാ രാജാവിനോടും അവിടെയുണ്ടായിരുന്ന യെഹൂദന്മാരോടും അപ്പൊസ്തലനായ പൗലൊസ് കൈസര്യയിൽ വെച്ചു സംസാരിച്ചു. "ദൈവം മരിച്ചവരെ ഉയിർപ്പിക്കുന്നതു വിശ്വാസ്യ യോഗ്യമല്ല എന്നു നിങ്ങൾക്കു തോന്നുന്നതു എന്ത്?" (പ്രവൃത്തികൾ 26:8). പൗലൊസിന്റെ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന ധ്വനി വ്യക്തമാണ്. തെളിവുകളോടെ പ്രഖ്യാപിക്കപ്പെടുന്ന സത്യത്തെ അവർ എന്തുകൊണ്ട് വിശ്വസിക്കുന്നില്ല? തിരു

വെഴുത്തിനെ അവിശ്വസിക്കുന്നവർ കാരണം ബോധിപ്പിക്കണം. സൃഷ്ടികർത്താവായ ദൈവം ഉണ്ട് എന്ന സത്യം അന്ധമായി വിശ്വസിപ്പിക്കയല്ല ദൈവം ചെയ്യുന്നത്. പിന്നെയോ തന്റെ പ്രവൃത്തികൾ അതാണ് തെളിയിക്കുന്നത്. ആളുകൾ യേശു ആരാണെന്ന് അറിയാതെ എങ്ങനെ ഏറ്റുപറയും. ദൈവം ജഡമെടുത്ത് മനുഷ്യനായി ഭൂമിയിൽ ജീവിച്ചു. മുന്നറിയിച്ച തിരുവെഴുത്തിൻ പ്രകാരം അവൻ ജനിക്കുകയും ജീവിക്കുകയും മരിക്കയും ചെയ്തു. തിരുവചനം വിശ്വസനീയമെന്നാണ് അതു തെളിയിക്കുന്നത്. ദൈവം തന്റെ ജനങ്ങളോട് സംസാരിക്കുന്നത് ഈ വചനം മുഖാന്തരമാണ്. ദൈവത്തിന്റെ അരുളപ്പാടുകളെ നാം പൂർണ്ണമായി വിശ്വസിക്കണം.

ഇതെല്ലാം പറഞ്ഞതിൽ നിന്നു പഴയനിയമ ഭാഗങ്ങൾ പുതിയ നിയമത്തിൽ ഉദ്ധരിച്ചിരിക്കുന്നതെല്ലാം ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനം ആണെന്നു ധരിക്കരുത്. മറ്റു പ്രവചനങ്ങളും അടങ്ങുന്നുണ്ട്. അവ നമ്മുടെ ബുദ്ധി ഉപദേശത്തിനും പ്രത്യാശയ്ക്കും ആയിട്ടാണ് നല്കിയിരിക്കുന്നത്. ഉദ്ദാഹരണമായി പൗലൊസ് എഴുതുന്നു. "അന്യോന്യം സ്നേഹിക്കുന്നതു അല്ലാതെ ആരോടും ഒന്നും കടപ്പെട്ടിരിക്കരുത്. അന്യനെ സ്നേഹിച്ചിരിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ" (റോമർ 13:8). ഹോശേയ 11:1 മത്തായി ഉദ്ധരിക്കുന്നുണ്ട്. "യിസ്രായേൽ ബാലനായിരുന്നപ്പോൾ ഞാൻഅവനെ സ്നേഹിച്ചു. മിസ്രയിമിൽ നിന്നു ഞാൻ എന്റെ മകനെ വിളിച്ചു. പഴയ നിയമ ഉദ്ധരണിയിൽ കൂടെ ആധുനിക ജനത്തിനു യേശുവിന്റെ വരവ് വ്യക്തമാക്കിക്കൊടുക്കുകയായിരുന്നു മത്തായിയുടെ ലക്ഷ്യം.

പുരാതനകാലത്തു സംഭവിച്ചതും പുതിയ നിയമകാലത്ത് ആളുകൾ തുടരുന്നതുമായ കാര്യങ്ങളും ഇത്തരം പ്രവചനഭാഗങ്ങൾ ചൂണ്ടിക്കാണിക്കുവാൻ പ്രേരകമാകുന്നുണ്ട്. ഉദാഹരണമായി യിസ്രായേൽ ജനം ഉത്സവത്തിൽ അവരുടെ ഹൃദയം കഠിനമാക്കി. അതുപോലെ ഹൃദയം കഠിനമാക്കരുത് എന്ന് ഓർമ്മിപ്പിക്കവാൻ പഴയനിയമ വേദഭാഗം ഉദ്ധരിക്കുന്നുണ്ട്. നേരെ മറിച്ച് ക്രിസ്തുവിന്റെ യാഗത്തിന്റെ പ്രാധാന്യം എടുത്തു കാണിക്കു

വാൻ പഴയനിയമ യാഗങ്ങളെക്കുറിച്ചു എബ്രായലേഖനത്തിൽ പറയുന്നുണ്ട് "ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല എന്നാൽ ഒരു ശരീരം നീ എനിക്കുവേണ്ടി ഒരുക്കിയിരിക്കുന്നു സർവ്വാംഗ ഹോമങ്ങളിലും പാപയാഗങ്ങളിലും നീ പ്രസാദിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു, ഇതാ ഞാൻ വരുന്നു പുസ്തകച്ചുരുളിൽ എന്നെക്കുറിച്ചു എഴുതിയിരിക്കുന്നു. ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു എന്നു അവൻ പറയുന്നു. ന്യായപ്രമാണപ്രകാരം കഴിച്ചുവരുന്ന യാഗങ്ങളും വഴിപാടും സർവ്വാംഗ ഹോമങ്ങളും പാപയാഗങ്ങളും നീ ഇച്ഛിച്ചില്ല അവയിൽ പ്രസാദിച്ചതുമില്ല എന്നിങ്ങനെ പറഞ്ഞശേഷം ഞാൻ നിന്റെ ഇഷ്ടം ചെയ്‌വാൻ വരുന്നു എന്നു പറഞ്ഞുകൊണ്ട് അവൻ രണ്ടാമത്തേതിനെ സ്ഥാപിപ്പാൻ ഒന്നാമത്തേതിനെ നീക്കിക്കളയുന്നു" (എബ്രായർ 10:5–8).

യേശു ഒരിക്കലായി മരിച്ചതിന്റെ ഫലം എന്നേക്കും നിലനിൽക്കുന്നതാണ്. മരണം ഓർമ്മിക്കുവാൻ ദൈവം തന്നിരിക്കുന്നതാണ് കർത്തൃമേശ (1 കൊരി 11:23–28). പാപത്തിൽ മനുഷ്യർ നശിച്ചുപോകുന്നത് ഒഴിവാക്കുവാൻ ദൈവം ആഗ്രഹിച്ചു. ഈ ചെറിയവരിൽ ഒരുവൻ പോലും നശിച്ചുപോകുന്നത് ദൈവത്തിന് ഇഷ്ടമില്ല. ആത്മാവിന്റെ വില വളരെ വലുതാണ് എന്ന് നാം ഒരിക്കലും മറക്കരുത്.

✶

**Watch!**

# SATHYANADAM

## TV PROGRAME

### TRUE GOSPEL MESSAGE

**Speaker:**

**Bro. P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

Tamil : Nambikkai TV - Every Saturday at 8.00 pm
Tamilan TV - Every Monday at 6.00 pm
Speaker : **Arjunan**

Tamilan TV - Every Sunday at 6.45 am
Nambikkai TV - Every Sunday at 3.30 pm
Speaker : **Philemon & Kingsley**

Tamilan TV - Every Monday at 7.00 am
Every Thursday at 9.30 pm
Every Saturday at 7.15 am
Speaker : **Rajanayagam**

Hindi : Subhasandesh TV - Every Sunday & Tuesday at 7.00 pm
Speaker : **Sunny, Francis & Vinay David**

Malayalam : Jai Hind TV - Every Saturday at 6.00 am
Speaker : **P. K. Varghese**

Telugu : Subhavartha TV - Every Sunday 6.00 pm
Rakshana TV - Every Wednessday 6.30 pm
Rakshana TV - Every Thursday 11.00 am
Sathyavani TV - Every Wed & Friday 8.00 pm
www.sakthitv.in
Aradhana TV - Every Saturday at 6.30 am
Kanthi TV - Everyday at 7.30 am & 3.30 pm
Speakers : **Joshua & Ricky Gootam**

Manipur : TC Network - Every Monday at 6.30 pm
TC Network - Every Wed. & Friday at 6.00 am
Speaker : **Thang Lien**

*Join us to worship God in Spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378